**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5876 04.11.2016 -ൽ മറുപടിക്ക്**

**വളാഞ്ചേരി മുൻസിപ്പൽ റിംഗ് റോഡ് നവീകരണം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) വളാഞ്ചേരി മുൻസിപ്പൽ റിംഗ് റോഡ് നവീകരണവുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയറുടെ(ദേശീയപാത) ഓഫീസിൽ നിന്നും എസ്റ്റിമേറ്റ് സർക്കാരിലേയ്ക്ക് നൽകിയിട്ടുണ്ടോ; വളാഞ്ചേരി ടൗണിൽ മണിക്കൂറുകളോളം ഗതാഗതക്കുരുക്കുണ്ടാകുന്നത് ബന്ധപ്പെട്ട അധികാരികൾ പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിട്ടുണ്ടോ; | (എ) വളാഞ്ചേരി മുനിസിപ്പൽ റിംഗ് റോഡ് നിർമ്മാണം ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ വരുന്നതല്ല. ആകയാൽ ദേശീയപാതാ വിഭാഗത്തിൽ നിന്നും ഇത് സംബന്ധിച്ച എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിട്ടില്ല. വളാഞ്ചേരി ടൗണിൽ ഗതാഗതക്കുരുക്കുണ്ടാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) ഡെവലപ്പ്മെന്റ് ഓഫ് അർബൻ ലിങ്ക് ഓഫ് നാഷണൽ ഹൈവേ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി, പ്രസ്തുത റോഡ് നവീകരണം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) & (സി) വളാഞ്ചേരി ടൗണിലെ ഗതാഗതക്കുരുക്കിന് പരിഹാരമായി ടൗണിന്റെ നവീകരണത്തിനായുള്ള എസ്റ്റിമേറ്റ് Development of Urban Links NH എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ഇപ്പോൾ ചീഫ് എഞ്ചിനീയറുടെ ഓഫീസിലുള്ള ഫയലിൽ, പ്രസ്തുത ഡെവലപ്പ്മെന്റ് ഓഫ് അർബൻ ലിങ്ക് ഓഫ് നാഷണൽ ഹൈവേ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഈ പ്രവൃത്തി ശുപാർശ ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**